

# ശ്രീകൃഷ്ണഭക്തി ഹരിവംശത്തിൽ

എൻ. വി. കൃഷ്ണവാര്യർ

(നാരായണീയം നാലാം ശതവാർഷിക സമാപനങ്ങളോടനുബന്ധിച്ച് ഒന്നാം സദസ്സിൽ അവതരിപ്പിച്ച പ്രബന്ധം)

വൈദികധർമ്മം എന്ന് വിളിക്കപ്പെടുന്നുണ്ടെങ്കിലും, സമകാല ഹിന്ദുമതത്തിൽ വൈദികങ്ങളായ ഘടകങ്ങൾ വളരെ കുറച്ചേ ഉള്ളൂ. ത്രൈവർണ്ണികർക്ക് അവശ്യാനുഷ്ഠേയമായിരുന്ന വേദാധ്യയനം ഇന്ന് എണ്ണത്തിൽ വളരെ കുറഞ്ഞ ഏതാനും ബ്രാഹ്മണരിൽ മാത്രമായി സങ്കോചിച്ചിരിക്കുന്നു. കാലഗതി കണ്ടറിഞ്ഞ ബ്രാഹ്മണരിൽ, കഴിവുള്ളവരെല്ലാം ആധുനിക-പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസം നേടുകയും വ്യവസായവൽകൃതസമൂഹത്തിന്റെ സാമ്പത്തിക പ്രക്രിയകളിൽ മുഴുകി ഭൗതികജീവിതം സുഖസമ്പന്നമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ആധുനികവിദ്യാഭ്യാസരീതിയിലൂടെ ഉയർന്നുപോകാനാവശ്യമായ ബുദ്ധിയോ സാമ്പത്തിക സുസ്ഥിതിയോ സാഹചര്യമോ ഇല്ലാത്ത, സമൂഹത്തിലെ തിരവുകളും പേടുകളും ആയ, ചുരുക്കം ചിലർ മാത്രമാണ്, പൗരോഹിത്യം, ശാന്തിവിരുത്തി മുതലായ, പൊതുജനദൃഷ്ടിയിൽ തീരെ ബഹുമാന്യങ്ങളല്ലാത്ത തൊഴിലുകൾ മുന്നിൽക്കണ്ട്, അവശ്യാവശ്യമായ, അത്യന്തം സീമിതമായ, വേദവിദ്യാഭ്യാസം നേടുന്നത്.

ബ്രാഹ്മണർക്ക് വിധിക്കപ്പെട്ട ഷട്കർമ്മങ്ങൾ അധ്യയനം, അധ്യാപനം, യജനം, യാജനം, ദാനം, പ്രതിഗ്രഹം എന്നിവയാണല്ലോ. അധ്യയനത്തിന്റെയും അധ്യാപനത്തിന്റെയും സ്ഥിതിയാണ് മുകളിൽ വിവരിച്ചത്. യജനവും യാജനവും ഏറെമുമ്പുതന്നെ ലുപ്തങ്ങളായിരിക്കുന്നു. എന്തു സാഹസം ചെയ്താലും അവയെ പുനരുദ്ധരിക്കുക പ്രയാസം തന്നെ. സമൂഹത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാത്ത ഒരു ചടങ്ങിനും പ്രസക്തിയോ. സാധൂകരണമോ ഇല്ല. യാഗം ഇന്നത്തെ സമൂഹത്തിലെ ഒരു ചെറിയ വിഭാഗത്തിന്റെ, ജിജ്ഞാസാ ശമനമെന്ന, വളരെയേറെ പരിമിതമായ, ഒരൊറ്റ ആവശ്യത്തെയേ നിറവേറ്റുന്നുള്ളൂ. ചില പാശ്ചാത്യപണ്ഡിതർക്ക് ഏട്ടിൽ കണ്ടത് പയറ്റിലും കാണുന്നതിന്നുവേണ്ടി, അവർ നൽകിയ പണം ഉപയോഗിച്ച്, തികച്ചും വ്യാപാരപരമായ അടിസ്ഥാനത്തിൽ നടത്തിയ പാഞ്ഞാളിലെ അതിരാത്രവും, അതിൽനിന്നു വളരെയൊന്നും വ്യത്യസ്തമല്ലാത്ത സാഹചര്യത്തിൽ, നാട്ടുകാരായ ചിലർ പിരിച്ചെടുത്ത പണം ഉപയോഗിച്ച് നടത്തിയ തിരുവനന്തപുരത്തെ സോമയാഗവും, മുൻപറഞ്ഞതിൽ നിന്ന് വ്യത്യസ്തമായ, ഭൗതികമോ ആധ്യാത്മികമോ ആയ, ഏതെങ്കിലും ആവശ്യം നിർവഹിച്ചിട്ടുള്ളതായി എനിക്ക് തോന്നുന്നില്ല. വൈദികാനുഷ്ഠാനങ്ങൾ ലുപ്തങ്ങളായ തോതിന്ന് 'ദാനം' നാമമാത്രമായിത്തീർന്നതിനാൽ, പ്രതിഗ്രഹത്തിന്നുള്ള അവസരങ്ങളും, തുലോം ചുരുങ്ങിയിരിക്കുന്നു.

വേദവിഹിതങ്ങളായ ഹോമാദി കർമ്മങ്ങൾ ആധുനിക പരിതഃസ്ഥിതിയിൽ സംക്ഷേപിച്ച് പുനരുദ്ധരിക്കുന്നതിന്ന് കഴിഞ്ഞ നൂറ്റാണ്ടിൽ ആര്യസമാജസ്ഥാപകനായ സ്വാമി ദയാനന്ദ സരസ്വതി ശ്രമിക്കുകയുണ്ടായി. എന്നാൽ ഇപ്പോളിപ്പോൾ, ആര്യസമാജക്കാർപോലും ഇത്തരം കർമ്മങ്ങളിലും അവയോടനുബന്ധിച്ച മന്ത്രജപങ്ങളിലും ഉദാസീനരാണ് എന്നാണ് എന്റെ അറിവ്.

വൈദിക ധർമ്മത്തിന്റെ ഘടകങ്ങളായ നിത്യ-നൈമിത്തിക-കാമ്യ-കർമ്മങ്ങൾ ലുപ്തങ്ങളായിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ, സമകാല ഹിന്ദുമതമെന്ന പേരിൽ വ്യവഹരിക്കപ്പെടുന്നത് എന്താണ്? ലിഖിതമായ സംസ്കൃത പാരമ്പര്യത്തിൽപ്പെട്ട താന്ത്രിക-ആരാധനയും, അലിഖിതങ്ങളായ പ്രാദേശിക പാരമ്പര്യങ്ങളിൽപ്പെട്ട വളരെയധികം പ്രാദേശിക-ആരാധനാസമ്പ്രദായങ്ങളുമാണ് ഇന്ന് നാം ഹിന്ദുമതമെന്ന പേരിൽ അറിയുന്നത്. ധാരാളം പ്രചാരമുള്ള അയ്യപ്പപൂജയും, സായിബാബയെപ്പോലെയുള്ള ദിവ്യന്മാരുടെ പൂജയും, മറ്റും അലിഖിത-പ്രാദേശിക-പാരമ്പര്യങ്ങളുടെ ഉദാഹരണമാകുന്നു. ക്ഷേത്ര കേന്ദ്രിതമായ ആരാധനയാണ്, മുഖ്യമായും, ആധുനിക കാലത്തിലെ താന്ത്രിക-ആരാധന. വീടുകളിൽവെച്ചു നടത്തുന്ന ചില ഹോമാദി കർമ്മങ്ങളും, ഹഠയോഗത്തോടും മറ്റും ബന്ധപ്പെടുത്തി നടത്തുന്നതായി പറയപ്പെടുന്ന ചില രഹസ്യാനുഷ്ഠാനങ്ങളും താന്ത്രിക-ആരാധനയിൽപ്പെടുമെങ്കിലും, ഇന്നത്തെ സാഹചര്യത്തിൽ അവയ്ക്ക് വലിയ പ്രാധാന്യമൊന്നുമില്ല.

ക്ഷേത്ര കേന്ദ്രിതമായ താന്ത്രിക-ആരാധനയെ പൊതുവിൽ വൈഷ്ണവമെന്നും ശൈവമെന്നും ശാക്തമെന്നും വിഭജിക്കാം. ഇവയിൽ വൈഷ്ണവ-ആരാധനയിലെ പ്രധാനപ്പെട്ട ഉപാസ്യ ദേവതകൾ ശ്രീകൃഷ്ണനും ശ്രീരാമനും ആകുന്നു. ക്ഷേത്രാധിഷ്ഠിതമായ

താന്ത്രിക-ആരാധനയുടെ കേന്ദ്രബിന്ദു എന്നതിന്നു പുറമേ, ശ്രീകൃഷ്ണൻ ഇന്ത്യയിലെ മിക്കവാറും എല്ലാ ഭാഷാ-സംസ്കാര-പ്രദേശങ്ങളിലും സാഹിത്യം, സംഗീതം, നൃത്യം, അഭിനയം, ആലേഖ്യം, പ്രതിമാശില്പം എന്നീ കലകളുടെ മുഖ്യ പ്രമേയംകൂടിയാണ്. ശ്രീകൃഷ്ണനെ ഒഴിച്ചുനിർത്തി ഭാരതീയരുടെ—സമകാല ഭാരതീയരുടെകൂടി—മാനസിക—സൗന്ദര്യാനുഭൂതിപര—ജീവിതത്തെപ്പററി ചിന്തിക്കുക ദുഷ്കരം തന്നെയാണ്.

ശ്രീകൃഷ്ണനെപ്പററി ഇക്കഴിഞ്ഞ എട്ടോ പത്തോ നൂററാണ്ടുകളിൽ ഇന്ത്യക്കാർക്കിടയിൽ നിലനിന്നു വന്നതും ഇപ്പോഴും നിലനിന്നു വരുന്നതുമായ ധാരണകളുടെയെല്ലാം പ്രഭവം സംസ്കൃതത്തിലുള്ള ശ്രീമദ്ഭാഗവത പുരാണവും, പ്രാദേശിക ഭാഷകളിൽ ആ പുരാണത്തിന്റെ വിവർത്തനങ്ങളായും, ആ പുരാണത്തെയോ അതിന്റെ വിവർത്തനങ്ങളെയോ ഉപജീവിച്ച സ്വതന്ത്ര രൂപത്തിലും വിരചിക്കപ്പെട്ടിട്ടും നിലവിലുള്ള അനേകം കൃതികളുമാകുന്നു. ശ്രീകൃഷ്ണനെക്കുറിച്ചുള്ള സങ്കല്പങ്ങൾ നമ്മളെല്ലാം ഉൾക്കൊണ്ടതു് പ്രധാനമായും കൃഷ്ണഗാഥ, ഭാഗവതം കിളിപ്പാട്ട്, ദശമം, ശ്രീകൃഷ്ണചരിതം മണിപ്രവാളം, പല ആട്ടക്കഥകൾ, തുള്ളൽക്കഥകൾ, സ്തോത്ര കൃതികൾ മുതലായവയിൽ നിന്നാണല്ലോ. സാഹിത്യ സംസ്കാരം ലഭിച്ച എല്ലാ ഭാരതീയ ഭാഷകളിലുമുണ്ട്, ഏറിയോ കുറഞ്ഞോ, ഇത്തരമൊരു കൃഷ്ണസാഹിത്യ സമുച്ചയം. ഈ പ്രാദേശിക-കൃഷ്ണസാഹിത്യ-സമുച്ചയങ്ങളുടെ അടിവേരു് അന്വേഷിച്ചാൽ നാം ചെന്നെത്തുക സംസ്കൃതത്തിലുള്ള ശ്രീമദ്ഭാഗവത പുരാണത്തിലാണ്.

പതിനെണ്ണായിരം പദ്യങ്ങൾ ഉൾക്കൊള്ളുന്ന ശ്രീമദ്ഭാഗവതപുരാണം വ്യാസനിർമ്മിതമാണെന്നത്രേ പ്രസിദ്ധി. വ്യാസൻ ഭാഗവതം നിർമ്മിക്കുന്നതിന്നുണ്ടായ കാരണം ആ പുരാണത്തിന്റെ ആദ്യഭാഗത്തുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. വേദങ്ങളെ നാലായി വിഭജിക്കുകയും, വേദാർത്ഥത്തെ ഉപബൃംഹണം ചെയ്യുന്നതിന്നു് മഹാഭാരതമെന്ന ബൃഹത്തായ ഇതിഹാസം വിരചിക്കുകയും ചെയ്തിട്ടും, പരാശരപുത്രനായ വ്യാസന്റെ ഹൃദയത്തിന്നു സന്തുഷ്ടി ഉളവായില്ല. തന്റെ മനസ്സിൽ അവ്യക്ത രൂപത്തിൽ നിറഞ്ഞു നില്ക്കുന്ന അതൃപ്തിയുടെ കാരണമെന്താണെന്നു് വ്യാസൻ നാരദമഹർഷിയോടു ചോദിച്ചു. വിദ്വാന്മാരുടെ ജിജ്ഞാസ ശമിപ്പിക്കാൻ ഉതകുംവിധത്തിൽ ശ്രീകൃഷ്ണചരിതം സമഗ്രമായി വിവരിച്ചു് ഒരു ഗ്രന്ഥം രചിച്ചാൽ മാത്രമേ വ്യാസന്റെ മനഃക്ലേശം പരിഹരിക്കപ്പെടുകയുള്ളു എന്നു് നാരദൻ ഉപദേശിച്ചു.

ത്വമപ്യദഭ്രശ്രുത, വിശ്രുതം വിഭോഃ
സമാപ്യതേ യേന വിദാം ബുഭുത്സിതം
ആഖ്യാഹി ദുഃഖൈർമുഹുരർദ്ദിതാത്മനാം
സംക്ലേശ നിർവാണമുശന്തി നാന്യഥാ

(ശ്രീമദ്ഭാഗവതം, 1.5.40)

ഈ ഉപദേശം അനുസരിച്ചു് വ്യാസൻ നിർമ്മിക്കുകയും, സ്വപുത്രനും അവധൂതനുമായ ശുകനെ പഠിപ്പിക്കുകയും ചെയ്തതാണു് ശ്രീമദ്ഭാഗവത പുരാണം. ആസന്നമരണനായ പരീക്ഷിത്തിന്നു് ശുകൻ ഭാഗവതം ഉപദേശിച്ചു. ശുകശിഷ്യനായ സൂതൻ നൈമിഷാരണ്യത്തിൽ യാഗദീക്ഷിതരായ ശൗനകാദി മഹർഷിമാർക്കു് പിന്നീടു് ഉപദേശിച്ച വിധത്തിലാണു്, ഇന്നു നാം കാണുന്ന ശ്രീമദ്ഭാഗവതപുരാണം നിർമ്മിക്കപ്പെട്ടിട്ടുള്ളതു്. ഭാഗവതത്തിന്റെ ഈ ഉൽപ്പത്തി ചരിത്രം ഭക്തന്മാരും പാരമ്പര്യപണ്ഡിതന്മാരും പൊതുവെ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

പക്ഷേ, മഹാഭാരതം നിർമ്മിച്ച വ്യാസൻ തന്നെയാണു് ശ്രീമദ്ഭാഗവതവും രചിച്ചതെന്നു് നവീന പണ്ഡിതന്മാർ വിശ്വസിക്കുന്നില്ല. താരതമ്യേന ആധുനികമായ ഒരു കൃതിയാണു് ശ്രീമദ്ഭാഗവതമെന്നത്രേ ഇപ്പോൾ പൊതുവെ നിലവിലുള്ള വിശ്വാസം. ഈ വിശ്വാസം മുഖ്യമായും, താഴെപ്പറയുന്ന വസ്തുതകളിൽ അധിഷ്ഠിതമായിരിക്കുന്നു.

1. ശങ്കരാചാര്യർ തന്റെ കൃതികളിലൊരിടത്തും ശ്രീമദ്ഭാഗവതത്തിൽനിന്നു് ഉദ്ധരിച്ചിട്ടില്ല. മഹാഭാരതത്തെ അദ്ദേഹം സ്മൃതിയായി അംഗീകരിക്കുകയും അതിൽനിന്നു് ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ടു്. ഇതിൽനിന്നുള്ള സ്വാഭാവികമായ നിഗമനം ശങ്കരാചാര്യരുടെ കാലത്തു് (ക്രിസ്തുവർഷം ഒമ്പതാം നൂററാണ്ടിന്റെ ആരംഭത്തിൽ) ശ്രീമദ്ഭാഗവതത്തിന്നു് പ്രചാരമുണ്ടായിരുന്നില്ല എന്നാണു്.

2. തമിഴ്നാട്ടിൽ ജീവിച്ചിരുന്ന വിഷ്ണുഭക്തരായ ആഴ്‌വാർമാരെപ്പററി ഭാഗവതത്തിൽ സ്പഷ്ടമായ സൂചനകളുണ്ടു്. ആഴ്‌വാർമാർ ജീവിച്ചിരുന്നതു് ക്രിസ്തുവർഷം മൂന്നാം നൂററാണ്ടു് മുതൽ ഒമ്പതാം നൂററാണ്ടുവരെയുള്ള കാലത്താണു്.

3. ക്രിസ്തുവർഷം പത്താം നൂററാണ്ടിന്നടുത്തു് തമിഴ്നാട്ടിൽ പുഷ്ടിപ്രാപിച്ച തീവ്രമായ ഭക്തിപ്രസ്ഥാനത്തിന്റെ അന്തരീക്ഷമാണു് ശ്രീമദ്ഭാഗവതത്തിൽ ആദ്യന്തം നിലനില്ക്കുന്നതു്.

4. ജീവിതകാലം നിശ്ചിതമായി അറിയാവുന്ന എഴുത്തുകാരിൽ, ആദ്യമായി ശ്രീമദ്ഭാഗവതത്തെപ്പററി പറയുന്നതു് അറബിദാർശനികനായ അൽബിരുണി ആകുന്നു. അൽബിരുണി ജീവിച്ചിരുന്നതു് ക്രിസ്തുവർഷം പതിനൊന്നാം നൂററാണ്ടിലായിരുന്നു.

ശ്രീമദ്ഭാഗവതം നിർമ്മിക്കപ്പെട്ടതു് എന്നായാലും, അതിന്നു് പ്രചാരം ലഭിച്ചതു് ശങ്കരാചാര്യർക്കും അൽബിരുണിക്കും ഇടക്കു്, ക്രിസ്തുവർഷം ഒമ്പതും പത്തും നൂററാണ്ടുകളിലാണെന്നത്രേ ഈ വസ്തുതകളിൽനിന്നുള്ള നിഗമനം.

കൃഷ്ണഭക്തിയെ തീവ്രവും കൃഷ്ണാരാധനയെ വ്യാപകവും ആക്കാൻ ഉപകരിച്ചതു് ശ്രീമദ്ഭാഗവതപുരാ

ണമാണെങ്കിലും ഭാഗവതധർമ്മം, സാത്വതധർമ്മം, വാസുദേവധർമ്മം മുതലായ പേരുകളിൽ ശ്രീകൃഷ്ണാരാധന എത്രയോ മുമ്പുതന്നെ ഭാരതത്തിൽ വ്യാപിച്ചിരുന്നു എന്നതിന്നു് യാതൊരു സംശയവുമില്ല. മനുഷ്യരൂപത്തിൽ അവതരിച്ച ഈശ്വരനാണു് ശ്രീകൃഷ്ണനെന്നും ശ്രവണം, കീർത്തനം, സ്മരണം, പാദസേവനം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം എന്നിങ്ങനെ ഒമ്പതു് പ്രകാരഭേദങ്ങളുള്ള ഭക്തിയോടെ ശ്രീകൃഷ്ണനെ ആരാധിക്കുന്നവർക്ക് ജീവിതത്തിൽ ശ്രേയസ്സും മരണാനന്തരം മോക്ഷവും ലഭിക്കുമെന്നുമുള്ള ദൃഢവിശ്വാസമാണല്ലോ ഭാഗവതധർമ്മത്തിന്റെ അടിസ്ഥാനം. ഈ വിശ്വാസം ഉളവാക്കി നിലനിർത്തുന്നതിന്നു് ഉപകരിച്ച സംസ്കൃതഗ്രന്ഥങ്ങളിൽ പ്രധാനപ്പെട്ടവ, ശ്രീമദ്ഭാഗവതപുരാണത്തെ നീക്കിനിർത്തിയാൽ, മഹാഭാരതം, ഹരിവംശം, വിഷ്ണുപുരാണം എന്നിവയാകുന്നു. ദക്ഷിണാപഥത്തിൽ ഈ സംസ്കൃതഗ്രന്ഥങ്ങളോടോ, വേദങ്ങളോടുതന്നെയോ, തുല്യമായ പ്രാധാന്യം ആഴ്‌വാർമാർ രചിച്ച 'നാലായിരം ദിവ്യപ്രബന്ധം' എന്ന ഗീതസമാഹാരത്തിന്നും നൽകപ്പെട്ടു് വന്നിരുന്നു.

കുരുപാണ്ഡവയുദ്ധമാണു് വിഷയമെങ്കിലും, മഹാഭാരതത്തിലെ കേന്ദ്രകഥാപാത്രം ശ്രീകൃഷ്ണനാകുന്നു. 'ഭഗവാൻ വാസുദേവശ്ച കീർത്ത്യതേ/ത്ര സനാതനഃ' എന്നു് വ്യാസൻതന്നെ ഈ വസ്തുത പ്രഖ്യാപിച്ചിട്ടുണ്ടു്. മഹാഭാരതമാകുന്ന മാലയിലെ മധ്യമണിയുടെ സ്ഥാനം അലങ്കരിക്കുന്ന ഭഗവദ്ഗീത വേദാന്തദർശനത്തിന്റെയെന്നപോലെ ഭക്തിമാർഗ്ഗത്തിന്റെയും ആധാരഗ്രന്ഥമാകുന്നു.

ഭാരതത്തെ അപേക്ഷിച്ചു് പില്ക്കാലത്തുണ്ടായ വിഷ്ണുപുരാണത്തിലും ശ്രീകൃഷ്ണചരിതം പ്രതിപാദിക്കപ്പെടുന്നുണ്ടു്. ഭാഗവത ധർമ്മത്തെസ്സംബന്ധിച്ചിടത്തോളം പരമപ്രാമാണ്യം നൽകപ്പെട്ടിട്ടുള്ള ഒരു കൃതിയാണു് വിഷ്ണുപുരാണം.

ഈ പ്രസംഗത്തിൽ ഞാൻ മുഖ്യമായി പരാമർശിക്കേണ്ടതു് ഹരിവംശത്തെക്കുറിച്ചാണു്. ഹരിവംശം ഒരു സ്വതന്ത്രഗ്രന്ഥമല്ലെന്നും, മഹാഭാരതത്തിന്റെ ''ഖിലഭാഗം'' ആണു് അതെന്നും പറയപ്പെടുന്നു.

''ഹരിവംശസ്തതഃ പർവ പുരാണം ഖില സംജ്ഞിതം'' എന്നു് മഹാഭാരതം ആദിപർവത്തിൽ കാണുന്നുണ്ടു് (1-2-82). പിന്നീടു് കൂട്ടിച്ചേർത്ത അനുബന്ധം, പൂരണം (Supplement) പ്രചാരലുപ്തമായ ഭാഗം എന്നെല്ലാം 'ഖില'മെന്ന വാക്കിനു് അർത്ഥമുണ്ടു്. ഇവിടെ ഉദ്ദേശിക്കുന്നതു് മഹാഭാരതത്തിന്റെ പൂരണമാണു് ഹരിവംശം എന്നാവാം.

മഹാഭാരതത്തിൽ നൂറുപർവങ്ങളുണ്ടെന്നു് ആദിപർവത്തിലെ അനുക്രമണികാധ്യായത്തിൽ പറഞ്ഞിരിക്കുന്നു. (1.2.83)

''ഏതത് പർവശതം പൂർണ്ണം വ്യാസേനോക്തം മഹാത്മനാ'' ഹരിവംശത്തിലെ മൂന്നു പർവങ്ങൾ കൂടിച്ചേരുമ്പോഴേ മഹാഭാരതത്തിലെ പർവങ്ങളുടെ എണ്ണം നൂറ് തികയുകയുള്ളു. ഇതിന്നുപുറമെ, മഹാഭാരതത്തിന്റെ തുടർച്ചയാണു് ഹരിവംശമെന്ന സൂചനകൾ ഹരിവംശത്തിൽ മൂന്നു് സ്ഥലങ്ങളിലെങ്കിലുമുണ്ടു്.

ഇതിഹാസത്തിന്റെ തുടർച്ചയെങ്കിലും, ഹരിവംശം 'പുരാണ'മെന്നാണു് അറിയപ്പെടുന്നതു്. ഭാഗവതത്തിന്റെ സപ്താഹപാരായണത്തിന്നെന്നപോലെ ഹരിവംശത്തിന്റെ നവാഹ പാരായണത്തിന്നും വിശദങ്ങളായ നിർദ്ദേശങ്ങൾ നൽകപ്പെട്ടിട്ടുണ്ടു്. ഹരിവംശ മാഹാത്മ്യത്തിലെ നാലും അഞ്ചും അധ്യായങ്ങൾ നവാഹ പാരായണ നിയമങ്ങൾ വിവരിക്കുന്നവയാകുന്നു.

ഹരിവംശപർവം, വിഷ്ണുപർവം, ഭവിഷ്യപർവം എന്നു മൂന്നു പർവങ്ങളാണു് ഹരിവംശത്തിലുള്ളതു്. ഹരിവംശ പർവത്തിൽ അമ്പത്തഞ്ചും വിഷ്ണുപർവത്തിൽ നൂററിരുപത്തെട്ടും ഭവിഷ്യ പർവത്തിൽ നൂററിമുപ്പത്തഞ്ചും അടക്കം ആകെ മുന്നൂററിപ്പതിനെട്ടു് അധ്യായങ്ങൾ ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. ഇതിന്നുപുറമെയാണു് ആറു് അധ്യായങ്ങളുള്ള ഹരിവംശമാഹാത്മ്യം.

പാണ്ഡവന്മാർ പിറന്ന അതേ കുടുംബത്തിൽത്തന്നെ പിറന്നവരെന്നു കരുതാവുന്ന ശൂരന്മാർ, വൃഷ്ണികൾ, അന്ധകന്മാർ, എന്നിവരുടെ വംശചരിത്രം വിസ്തരിച്ചു പറയാൻ സൂതപുത്രനായ ഉഗ്രശ്രവസ്സിനോടു് ജനമേജയൻ ചോദിക്കുന്നതിൽ നിന്നാണു് 'ഹരിവംശം' ആരംഭിക്കുന്നതു്. എങ്കിലും, ഹരിവംശപർവത്തിന്റെ മുപ്പത്തിമൂന്നാം സർഗം മുതല്ക്കേ വൃഷ്ണിവംശചരിത്രം ശരിക്കു് ആരംഭിക്കുന്നുള്ളു.

ശ്രീകൃഷ്ണന്റെ ചരിത്രം പ്രതിപാദിക്കുന്നതു് രണ്ടാമത്തേതായ വിഷ്ണുപർവ്വത്തിലാണു്. ഇതിലെ നൂററിരുപത്തെട്ടധ്യായങ്ങളിൽ, ബാണനെ പരാജയപ്പെടുത്തിയശേഷം ശ്രീകൃഷ്ണൻ ഉഷാനിരുദ്ധന്മാരോടൊപ്പം ദ്വാരകയിൽ തിരിച്ചെത്തിയതുവരെയുള്ള കഥ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അവസാനത്തേതായ ഭവിഷ്യപർവ്വത്തിൽ, പലതും വിവരിക്കുന്ന കൂട്ടത്തിൽ ശ്രീകൃഷ്ണന്റെ കൈലാസഗമനം, പൗണ്ഡ്രകവധം, യശോദയും നന്ദനും മററും ഗോവർദ്ധനപർവ്വതത്തിലെത്തി ശ്രീകൃഷ്ണനെ കാണുന്നതു് മുതലായവയും പറഞ്ഞുപോകുന്നു. ശ്രീകൃഷ്ണന്റെ സ്വർഗ്ഗാരോഹണവൃത്താന്തം ഹരിവംശത്തിലില്ല. കൃഷ്ണകഥ അനുക്രമം വർണ്ണിച്ചുപോകുന്നതിന്നുള്ള ശ്രമവും ഹരിവംശത്തിൽ കാണുന്നില്ല.

മഹാഭാരതത്തിന്റെ ഗൗരവമോ, ശ്രീമദ് ഭാഗവതത്തിന്റെ കാവ്യസൗന്ദര്യമോ ഹരിവംശത്തിൽ ഇല്ല. ഭാഗവതം പാരായണംചെയ്തശേഷം ഹരിവംശത്തിലേക്കു് പ്രവേശിക്കുന്ന ഒരാൾക്കു് അതു് ശുഷ്കവും വിരസവുമായി അനുഭവപ്പെടാനാണു് വഴി. ഉദാഹര

ണത്തിന്നു്, ശ്രീകൃഷ്ണനും ഗോപിമാരും ചേർന്നു് വൃന്ദാവനത്തിൽചെയ്ത രാസലീലയുടെ ഹരിവംശത്തിലുള്ള വിവരണം നോക്കുക:

യുവതീർ ഗോപകന്യാശ്ച
രാത്രൗ സംകാല്യ കാലവിൽ
കൈശോരകം മാനയൻ വൈ
സഹിതാഭിർമുമോദഹ

താസ്തം പയോധരോത്തുംഗൈ –
രുരോഭിഃ സമപീഡയൻ
ഭ്രാമിതാക്ഷൈശ്ച വദനൈർ–
നിരീക്ഷന്തേവരാംഗനാഃ

താവാര്യമാണാഃ പതിഭിർ–
മാതൃഭിസ്സ്വസൃഭിസ്തഥാ
കൃഷ്ണം ഗോപാംഗനാരാത്രൗ
മൃഗയന്തേ രതിപ്രിയാഃ

താസ്തു പംക്തീകൃതാഃ സർവാ
രമയന്തിമനോരമാഃ
ഗായന്ത്യഃ കൃഷ്ണചരിതം
ദ്വന്ദ്വശോ ഗോപകന്യകാഃ

കൃഷ്ണലീലാനുകാരിണ്യഃ
കൃഷ്ണപ്രണിഹിതേക്ഷണാഃ
കൃഷ്ണസ്യ ഗതി ഗാമിന്യ –
സ്തരുണ്യസ്താവരാംഗനാഃ

വനേഷു താലഹസ്താഗ്രൈഃ
കുടയന്ത്യസ്തഥാപരാഃ
ചേരുർവൈ ചരിതം തസ്യ
കൃഷ്ണസ്യ വ്രജയോഷിതഃ

താസ്തസ്യ നൃത്യം ഗീതം ച
വിലാസസ്മിതവീക്ഷിതം
മുദിതാശ്ചാനുകർവന്ത്യഃ
ക്രീഡന്തി വ്രജയോഷിതഃ,

ഭാവനിസ്പന്ദമധുരം
ഗായന്ത്യസ്താവരാംഗനാഃ
വ്രജാഗതാഃ സുഖം ചേരുർ
ദാമോദരപരായണാഃ

കരീഷപാംസുദിഗ്ധാംഗ്യ–
സ്താഃ കൃഷ്ണമനുവവ്രിരേ
രമയന്ത്യോ യഥാനാഗം
സാപ്രമത്തം കരേണവഃ

തമന്യാ ഭാവവികചൈർ –
നേത്രൈഃ പ്രഹസിതാനനാഃ
പിബന്ത്യതൃപ്തവനിതാഃ
കൃഷ്ണം കൃഷ്ണമൃഗേക്ഷണാഃ

മുഖമസ്യാബ്ജ സങ്കാശം
തൃഷിതാ ഗോപകന്യകാഃ
രത്യന്തരഗതാ രാത്രൗ
പിബന്തി രസലാലസാഃ

ഹാ ഹേതി കുർവതസ്തസ്യ
പ്രഹൃഷ്ടാസ്താവരാംഗനാഃ
ജഗൃഹുർനിസ്സൃതാം വാണീം
നാമ്നാ ദാമോദരേരിതാം

താസാം ഗ്രഥിതസീമന്താ
രതിം നീതാ കുലീകൃതാഃ
ചാരു വിസ്രംസിരേ കേശാഃ
കുചാഗ്രേ ഗോപ യോഷിതാം

ഏവം സ കൃഷ്ണോ ഗോപീനാം
ചക്രവാളൈരലങ്കൃതഃ
ശാരദീഷു സചന്ദ്രാസു
നിശാസു മുമുദേ സുഖീ

(വിഷ്ണുപ. 10. 18–35)

ഭാഗവതം ദശമസ്കന്ധത്തിൽ 29 മുതൽ 33 കൂടി അഞ്ചു് അദ്ധ്യായങ്ങളിൽ ഉള്ള രാസലീലാ വർണ്ണനവുമായി ഹരിവംശത്തിലെ ഈ രാസലീലാവർണ്ണനത്തിന്നു് രസത്തിലോ അലങ്കാരങ്ങളിലോ വാച്യാംശത്തിൽത്തന്നെയോ യാതൊരു താരതമ്യവുമില്ലെന്നതു് പ്രകടമാണല്ലോ.

എന്നാൽ, ചില അംശങ്ങളിൽ ശ്രീമദ്ഭാഗവതത്തിൽനിന്നു ലഭിയ്ക്കാത്ത വിശദാംശങ്ങൾ ഹരിവംശത്തിൽ നിന്നു് മനസ്സിലാക്കാവുന്നതാണു്. ഭാഗവതത്തിലെ മല്ലരംഗത്തിൽ ശ്രീകൃഷ്ണനും ചാണൂരനും തമ്മിലുള്ള സംവാദത്തിൽ മല്ലയുദ്ധ നിയമങ്ങളെപ്പററി ചില സൂചനകൾ ഉണ്ടല്ലോ. ശ്രീകൃഷ്ണൻ പറയുന്നു:

ബാലാ വയം, തുല്യബലൈഃ
ക്രീഡിഷ്യാമോ യഥോചിതം
ഭവേന്നിയുദ്ധം, മാധർമ്മഃ
സ്പൃശേന്മല്ലസഭാസദഃ

ഇതിന്നു് ചാണൂരൻ ഇങ്ങിനെ മറുപടി പറയുന്നു:

ന ബാലോ ന കിശോരസ്ത്വം
ബലശ്ച ബലിനാം വരഃ
തസ്മാദ് ഭവദ്ഭ്യാം ബലിഭിർ
യോദ്ധവ്യം നാനയോഽത്രവൈ

(43. 38, 40)

ഹരിവംശത്തിൽ ഈ സന്ദർഭത്തിൽ മല്ലയുദ്ധനിയമങ്ങൾ കുറെയേറെ വിസ്തരിച്ചു് പറയുന്നുണ്ടു്. യാദവന്മാർ പറയുന്നു:

ബാഹുയുദ്ധമിദം രംഗേ
സപ്രാശ്നികമകാതരം
ക്രിയാബലസമാജ്ഞാത്വാ –
മശസ്ത്രം നിർമ്മിതം പുരാ

അദ്ഭിശ്ചാതി ശ്രമോ നിത്യം
വിനേയഃ കാലദർശിഭിഃ
കരീഷേണ ച മല്ലസ്യ
സതതം സൽക്രിയാ സ്മൃതാ

സ്ഥിതോ ഭ്രമിഗതേനൈവ
യോ യഥാ മാഗ്ഗ്തസ്ഥിതഃ
സംയുജ്യതശ്ച പര്യായഃ
പ്രാശ്നികൈഃ സമുദാഹൃതഃ

ബാലോവായദിവാവൃദ്ധോ
മധ്യേവാപി കൃശോ പിവാ
ബലസ്ഥോവാസ്ഥിതോരംഗേ
ജ്ഞേയഃ കക്ഷാന്തരേണവൈ

ബലതശ്ച ക്രിയാതശ്ച
ബാഹുയുദ്ധ വിധിര്യുധി
നിപാതാനന്തരം കിഞ്ചിന്
കർത്തവ്യം വിജാനതാ

തദിദം പ്രസ്തുതം രംഗേ
യുദ്ധം കൃഷ്ണാന്ധ്രമല്ലയോഃ
ബാലഃ കൃഷ്ണോ മഹാനന്ധ്രഃ
കഥം നസ്യാദ് വിചാരണാ

തതഃ കിലകിലാശബ്ദഃ
സമാജേ സമവർത്തത
പ്രാവല്ഗത ച ഗോവിന്ദോ
വാക്യം ചേദമുവാച ഹ

അഹം ബാലോ മഹാനാന്ധ്രോ
വപുഷാ പർവ്വതോപമഃ
യുദ്ധം മമാനേന സഹ
രോചതേ ബാഹുശാലിനാ

യുദ്ധവ്യതിക്രമഃ കശ്ചിന്
ഭവിഷ്യതിമത്കൃതഃ
നഹ്യഹം ബാഹുയോധാനാം
ദൂഷയിഷ്യാമിസമ്മതം

(വിഷ്ണുപർവ്വം 30. 12–20)

വസുദേവന് ദേവകിയെന്നും രോഹിണിയെന്നും രണ്ടു പത്നിമാർ ഉണ്ടായിരുന്നതായി എല്ലാവർക്കും അറിയാം. എന്നാൽ, അദ്ദേഹത്തിന്റെ പതിന്നാലു പത്നിമാരുടെ വിവരം ഹരിവംശത്തിൽ നിന്നു് നമുക്കു് ലഭിക്കുന്നു:

യാഃ പത്ന്യോ വസുദേവസ്യ ചതുർദശ വരാംഗനാഃ
1. പൗരവീരോഹിണീനാമ
2. ഇന്ദിരാ ച തഥാ വരാ 3. വൈശാഖീ ച
4. തഥാ ഭദ്രാ 5. സുനാമ്നീ ചൈവ പഞ്ചമീ
6. സഹദേവാ 7. ശാന്തിദേവാ 8. ശ്രീദേവാ
9. ദേവരക്ഷിതാ 10, 11. വൃകദേവ്യുപദേവീ ച
12. ദേവകീ ചൈവ സപ്തമീ 13. സുതനൂർ
14. ബഡവാ ചൈവ ദ്വേ ഏതേ പരിചാരികേ.

(ആദ്യത്തെ അഞ്ചുപേർ പൌരവ വംശ്യർ; പിന്നത്തെ ഏഴുപേർ ദേവല പുത്രിമാർ; ശേഷം രണ്ടുപേർ ദാസിമാർ)

(ഹരിവംശപർവ്വം 35.1–3)

ഹരിവംശം, വിഷ്ണുപുരാണം, ഭാഗവതം എന്നിവയിലെ വസ്തുതകൾ ക്രോഡീകരിച്ച്, പരസ്പരം താരതമ്യപ്പെടുത്തി പഠിക്കുന്നതു് പ്രയോജനകരമായിരിക്കും. ശ്രീമദ് ഭാഗവതത്തിന്റെ പ്രചാരത്തോടെ ഹരിവംശത്തിനും വിഷ്ണുപുരാണത്തിനും വലിയ അളവിൽ പ്രചാരലോപം സംഭവിച്ചിരിക്കുന്നു. കൃഷ്ണാരാധനയുടെ ഒരു ആധാരഗ്രന്ഥമെന്ന നിലയിൽ ഹരിവംശത്തിനു് ഇന്നു് വളരെയൊന്നും പ്രസക്തി കാണുന്നില്ല.

